(ബി) നടപ്പുസാമ്പത്തികവർഷത്തിൽ ഏതൊക്കെ റോഡു നിർമ്മാണ പ്രവർത്തനങ്ങളാണ് ഇടുക്കിയിൽ നടത്തുവാൻ അനുമതിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)വിവരം ശേഖരിച്ചുവരുന്നു.

73 (217) അറയ്ക്കപ്പടി മംഗലത്തുനട റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ അറയ്ക്കപ്പടി മംഗത്തുനട റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)8.75 കി.മി. നീളമുള്ള പ്രസ്തുത റോഡിന്റെ മെറ്റലിംഗ് ചെയ്യുന്നതിന് ടെണ്ടർ വിളിച്ചെങ്കിലും കരാറുകാരിൽനിന്ന് പ്രതികരണമൊന്നും ഉണ്ടായില്ല. ഇതിന്റെ തീരെ മോശമായ 1 കി.മീ. ദൂരം കരിങ്കല്ലുപാകി ഉപരിഭാഗം നിരപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീണ്ടും ടെണ്ടർ വിളിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

74 (218) തിരുവനന്തപുരം ജില്ലയിലെ മേജർ ഡിസ്ട്രിക്ട് റോഡുകൾ

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിച്ചിട്ടുള്ള എത്ര റോഡുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്തു തീർക്കാൻ ആവശ്യമായ ഉത്തരവ് നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 83 റോഡുകൾ പുതുതായി എം.ഡി.ആർ. ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം- VI

LIBRARY ARCHIVES Kerala Legislative Assembly